**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3119** — **20.06.2014-ൽ മറുപടിക്ക്**

**ഗുണമേന്മ നിർണ്ണയംചെയ്ത അടിസ്ഥാന വിത്തിനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഗുണമേൻമ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽശേഖരം സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് ഗുണമേൻമ നിർണ്ണയം ചെയ്ത അടിസ്ഥാന വിത്തിനങ്ങളുടെ കരുതൽ ശേഖരം സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ കേരള സീഡ് ഡവലപ്മെന്റ് അതോറിറ്റി മുഖേന കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 35 സർക്കാർ സീഡ് ഫാമുകളിൽ നിന്നും നെല്ല്, പച്ചക്കറി എന്നിവയുടെ ഫൗണ്ടേഷൻ വിത്തുകൾ ശേഖരിച്ച് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം കർഷകർക്ക് വിതരണം ചെയ്യുകയും അവയിൽ നിന്ന് സർട്ടിഫൈഡ് വിത്തുല്പാദിപ്പിച്ച് കർഷകർക്ക് നൽകുകയും ചെയ്യുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അടിസ്ഥാന വിത്തിനങ്ങൾ എല്ലാംതന്നെ ഇപ്രകാരം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കർഷകരുടെ ആവശ്യം അനുസരിച്ച് നാഷണൽ സീഡ് കോർപ്പറേഷൻ, കർണ്ണാടക സീഡ് കോർപ്പറേഷൻ എന്നീ ഏജൻസികളിൽ നിന്നും കാർഷിക സർവ്വകലാശാലകളിൽ നിന്നും വിത്തുകൾ സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന എത്തിച്ച് നൽകുകയും ചെയ്യുന്നുണ്ട്. |
| ബി) പ്രസ്തുത വിത്തുകൾ സാധാരണ കർഷകന് ലഭ്യമാകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | ബി) കർഷകർക്ക് ആവശ്യമായ വിത്തുകൾ ലഭ്യമാക്കുവാൻ സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് കഴിയുന്നുണ്ട്. |
| സി) ഉണ്ടെങ്കിൽ ഗുണമേന്മയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) ഗുണമേന്മയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന വിത്ത് വികസന അതോറിറ്റി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. യും കർഷകർക്ക് ഗുണമേന്മയുള്ള വിത്തിനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**